**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5034** **11-08-2021 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അനർഹർ കൈവശം വച്ചുവരുന്ന മുൻഗണന റേഷൻ കാർഡുകൾ തിരികെ ലഭ്യമാക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും, നാല്ചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽ നിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരാണെന്നു കണ്ടെത്തിയവരെ ഉൾപ്പെടുത്തി വരുന്നു. എ.എ.വൈ/ പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്ന് മാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെന്ന് കണ്ടെത്തുന്നവരെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുമുണ്ട്. ഇതിനു പുറമേ എഎ.വൈ, മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം 15.07.2021 വരെ നൽകുകയുണ്ടായി. കൂടാതെ നിലവിൽ എ.എ.വൈ/മുൻഗണന വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള റേഷൻകാർഡുകളുടെ അർഹത പുന:പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം മുൻഗണനാ പട്ടികയിൽപ്പെട്ട അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്നു വരുന്നു. |
| (ബി) | നാട്ടിലെ സന്നദ്ധ സംഘടനകൾ/നാട്ടുകാർ നിർമ്മിച്ച് നൽകിയ വീടിന്റെ വിസ്തീർണം ആയിരം ചതുരശ്ര അടിയിൽ കൂടിയതിനാൽ ബി.പി.എൽ. മുൻഗണന ലിസ്റ്റിൽ നിന്നും അർഹർ ഒഴിവാക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. മുൻഗണന പട്ടികയിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുമ്പോൾ, അത്തരം കാർഡുടമകൾ ഏതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക പിന്നോക്കാവസ്ഥ, ഗുരുതര |

| | | | |
|---|---|---|---|
| | | | രോഗബാധ എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27.10.2020 - ലെ സ.ഉ(സാധാ)നം. 319/2020/ഭ.പൊ.വി.വ (അനുബന്ധം ആയി ചേർക്കുന്നു) പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | നിർധന കുടുംബങ്ങൾക്ക് സന്നദ്ധ സംഘടനകളും മറ്റും നിർമ്മിച്ച് നൽകുന്ന വീടുകളുടെ വിസ്തീർണം സംബന്ധിച്ച് ബി.പി.എൽ. മുൻഗണന മാനദണ്ഡത്തിൽ ഇളവ് നൽകുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ-മാതൃഭാഷ'

അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 - ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുള്ള ഗുരുതര രോഗബാധിതർ, ഭിന്നശേഷിക്കാർ, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത് - പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 319/2020/ഭ.പൊ.വി.വ തീയതി, തിരുവനന്തപുരം, 27.10.2020**

===========================================================================

പരാമർശം : - 1) സ.ഉ(സാധാ) നം.320/2017/ഭ.പൊ.വി.വ, തീയതി 18.09.2017.

2) ബഹു. ഭക്ഷ്യവകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ 16.09.2020 ൽ ചേർന്ന യോഗതീരുമാനം.

<u>**ഉത്തരവ്**</u>

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തെ പൊതുവിതരണ സംവിധാനത്തിൽ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി പരാമർശം(1) പ്രകാരം മാനദണ്ഡങ്ങൾ നിശ്ചയിച്ച് നൽകിയിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച് യോഗ്യരായവരെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം(2) പ്രകാരം തീരുമാനിച്ചിരുന്നു.

2. മേൽപ്പറഞ്ഞപ്രകാരം മുൻഗണനയ്ക്ക് അർഹതയുണ്ടെങ്കിലും ഒഴിവാക്കൽ മാനദണ്ഡത്തിൽപ്പെട്ട് ധാരാളം പേർ മുൻഗണനാപട്ടികയിൽ നിന്നും ഒഴിവായിട്ടുള്ളതായി ബോധ്യപ്പെട്ടതിനാൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടിട്ടുണ്ടെങ്കിലും പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തേണ്ടതായ അപേക്ഷകൾ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

1. വ്യക്തമായ കാരണങ്ങൾ കാണിച്ച് അപേക്ഷ സമർപ്പിക്കുന്നവരെ മാത്രമേ ഇപ്രകാരം പരിഗണിക്കാൻ പാടുള്ളൂ.
2. പ്രത്യേക പരിഗണന നൽകി മാനദണ്ഡങ്ങൾ ഇളവ് ചെയ്ത് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മുൻപ് വസ്തുതകൾ പരിശോധിച്ച് അർഹത ഉറപ്പ വരുത്തേണ്ടതാണ്.
3. ഇത്തരത്തിൽ പ്രത്യേക പരിഗണന നൽകുന്നതിനും പൊതുവിതരണ ഡയറക്ടറുടെ തീരുമാനത്തിൽ ഇടപെടുന്നതിനും പരാതികൾ പരിഗണിക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.
4. ഇക്കാര്യത്തിൽ വ്യക്തികളുടെ അപേക്ഷ മാത്രം പരിഗണിക്കേണ്ടതും ഏതെങ്കിലും സംഘടനകളുടെയോ മറ്റോ അപേക്ഷയിൽ ഒരു പ്രത്യേക വിഭാഗത്തിന് മൊത്തമായി ഈ പരിഗണന നൽകാൻ പാടില്ലാത്തതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മണിലാൽ ബി.എസ്.**

**ജോയിന്റ് സെക്രട്ടറി**

1. പൊതുവിതരണ ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാർക്കും } DCS മുഖേന
3. എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും }
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി/ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ